(ബി) ഒരേ തൊഴിലാളി തന്നെ വിവിധ ക്ഷേമനിധി ബോർഡുകളുടെ ആനുകൂല്യങ്ങൾ കൈപ്പറ്റുന്നത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇല്ല.

88 (2778) തിയേറ്റർ തൊഴിലാളികളുടെ മിനിമംകൂലി

ശ്രീ. എം.വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്താകെ സിനിമാ തിയേറ്ററുകളിൽ ജോലി ചെയ്യുന്ന തൊഴിലാളികളുടെ എണ്ണം വ്യക്തമാക്കുമോ;

(ബി) തിയേറ്റർ തൊഴിലാളികളുടെ മിനിമം കൂലി പുതുക്കി നിശ്ചയിച്ചിട്ട് എത്ര വർഷമായി;

(സി) മിനിമം കൂലി പുതുക്കി നിശ്ചയിക്കാനുള്ള കമ്മിറ്റിയുടെ നിർദ്ദേശം ലഭിച്ചുവോ;

(ഡി) എങ്കിൽ എന്തെല്ലാം നടപടികളാണ് ഇത് സംബന്ധിച്ച് സ്വീകരിച്ചിട്ടുള്ളത്;

(ഇ) മിനിമം വേജസ് കമ്മിറ്റിയുടെ നിർദ്ദേശം അടിയന്തിരമായി നടപ്പിലാക്കാൻ തയ്യാറാകുമോ?

ഉത്തരം

(എ) 9000 നും 10,000 നും ഇടയ്ക്ക് തൊഴിലാളികൾ ഉണ്ടെന്ന് കണക്കാക്കിയിരിക്കുന്നു.

(ബി) 12 വർഷമായി.

(സി) ലഭിച്ചു.

(ഡി)&(ഇ) കമ്മിറ്റി നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ വിജ്ഞാപനം പുറപ്പെടുവിക്കുവാനുള്ള ഡ്രാഫ്റ്റ് തയ്യാറാക്കി വരുന്നു.

89 (2780) നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡ്

ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ :
ശ്രീ. ടി.കെ. ബാലൻ :
ശ്രീ. വർഗ്ഗീസ് വൈദ്യർ :
ശ്രീ. വി.കെ. ചന്ദ്രൻ :
ശ്രീ. എം.പി. വർഗ്ഗീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന നിർമ്മാണ തൊഴിലാളിക്ഷേമനിധി ബോർഡ് നിർമ്മാണ തൊഴിലാളികൾക്കായി നടപ്പാക്കിവരുന്ന വിവിധ പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) നിർമ്മാണ തൊഴിലാളികൾക്കായി ബോർഡ് അപകട ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;

(സി) സംസ്ഥാന നിർമ്മാണ തൊഴിലാളിക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം കുറ്റമറ്റതാക്കുന്നതിനും കാലോചിതമായി പരിഷ്കരിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)

1. പെൻഷൻ
2. അവശതാ പെൻഷൻ
3. കുടുംബ പെൻഷൻ
4. മരണാനന്തര ചെലവിനുള്ള ആനുകൂല്യം
5. മരണാനന്തര ധനസഹായം
6. രോഗ ചികിത്സാ ധനസഹായം
7. പ്രസവാനുകൂല്യം
8. വിവാഹധനസഹായം
9. വിദ്യാഭ്യാസ ആനുകൂല്യം (എ) മക്കൾക്ക് ക്യാഷ് അവാർഡ്
   (ബി) മക്കൾക്ക് സ്കോളർഷിപ്പ് (വിവിധ കോഴ്സുകക്ക്)
10. ഭവന നിർമ്മാണ വായ്പ
11. ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള വായ്പ
12. ജോലിക്കിടയിൽ ഉണ്ടാകുന്ന അപകട മരണത്തിന് ആശ്രിതർക്ക് നൽകുന്ന ധനസഹായം.

(ബി) ഇല്ല.

(സി) സ്വീകരിച്ചുവരുന്നു.

90 (2781) വ്യവസായങ്ങളിൽ മിനിമം വേജസ്

ശ്രീ. കെ. സുധാകരൻ :

ശ്രീ. ജോർജ് ജെ. മാത്യു :

ശ്രീമതി രാധാ രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെല്ലാം വ്യവസായങ്ങളിൽ മിനിമം വേജസ് ഏർപ്പെടുത്തിയിട്ടുണ്ട്;

(ബി) മിനിമം വേജസ് നിർണ്ണയിച്ചിട്ടുള്ള ഏതെങ്കിലും വ്യവസായത്തിൽ ഒന്ന് നൽകാതെയിരിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly